2 ഏപ്രിൽ 2026 വ്യാഴം
1201 മീനം 19
മലയാള മനോരമ
ESTABLISHED 1888
ലോകകപ്പിന്
ഇത്തവണയും
ഇറ്റലി ഇല്ല
കായികം P.14

Kiddoos
കളിക്കളം - കിഡ്‌സ് ക്യാംപ് 2026

# നക്ഷത്രക്കുഞ്ഞുങ്ങൾക്ക് കലപില‌ക്കാലം

MES MEDICAL COLLEGE
PERINTHALMANNA



## ▸▸ 'കിഡ്ഡൂസ്' ക്യാംപിനു തുടക്കമായി, ഇന്നു സമാപനം

മഞ്ചേരി● ഐഎപി ഹൗസിലേക്കു മാതാപിതാക്കളുടെ കൈപിടിച്ചെത്തിയ കുരുന്നുകളുടെ കണ്ണുകളിൽ കൗതുകം തിളങ്ങി. ചിലർ കളിച്ചും ചിരിച്ചും ക്യാംപിലേക്ക് ഓടിച്ചാടിയെത്തിയപ്പോൾ ചിലർക്കു ചെറിയ അങ്കലാപ്പ്. ആദ്യം ഫൊട്ടോഷൂട്ടായിരുന്നു. റജിസ്ട്രേഷനു ശേഷം ലഭിച്ച ബലൂണുമായി കുട്ടികൾ ഓരോരുത്തരായി ക്യാമറയ്ക്കുമുന്നിൽ പോസ് ചെയ്തു. അതുവരെ ചെറിയ ആശങ്കയുണ്ടായിരുന്നവരും ഫോട്ടോഷൂട്ടിനു ശേഷം കൂളായി. കുട്ടിക്കൂട്ടത്തിന്റെ കലപിലയ്ക്കിടയിൽ ഔദ്യോഗിക ഉദ്ഘാടനം. ഇതിനിടയിൽ സംഘാടകർ കുട്ടികളുടെ ഓരോരുത്തരുടെയും മുഖത്തു ചെറിയ നക്ഷത്രങ്ങൾ വരച്ചു. നക്ഷത്രക്കുഞ്ഞുങ്ങൾക്ക് അതും നല്ലതുപോലെ ബോധിച്ചു. ചിലർ ഓടി അമ്മയുടെ അടുത്തെത്തി നക്ഷത്രം കാണിച്ചു കൊടുത്തു. പിന്നാലെ അൽപം മധുരം. കുട്ടികളും സംഘാടകരും ചേർന്നു മുറിച്ച കേക്ക് എല്ലാവർക്കുമായി പങ്കുവച്ചു.



മലയാള മനോരമ, പെരിന്തൽമണ്ണ എംഇഎസ് മെഡിക്കൽ കോളജ്, ക്രേഡിൽസ് ആൻഡ് ക്രയോൺസ്, ഐഎപി എന്നിവർ ചേർന്ന് സംഘടിപ്പിക്കുന്ന 'കിഡ്ഡൂസ്- കലപിലക്കാലം' ക്യാംപിൽ കുട്ടികൾ ക്ലേ മോഡലിങ് ചെയ്യുന്നു. ചിത്രം: മനോരമ



### കഥ പറഞ്ഞ്, പാട്ടു പാടി...

ക്യാംപിലെ ആദ്യത്തെ സെഷൻ നയിച്ചത് അധ്യാപകനായ നിജിൽ ജനാർദനൻ. കയ്യിൽ ചെറിയൊരു ചെണ്ടയുമായി കുട്ടികളുടെ ഇടയിലേക്കിറങ്ങിയ മാഷ് കുട്ടിക്കൂട്ടത്തെ പെട്ടെന്നു കയ്യിലെടുത്തു. 'ആ വരുന്നതൊരാന, ഈ വരുന്നതൊരിച്ച...' എന്ന നിജിലിന്റെ കുട്ടിപ്പാട്ട് കുരുന്നുകളും ഏറ്റുപാടി. പാട്ടിനു ശേഷം, മനോരമ പ്രസിദ്ധീകരണമായ 'കളിക്കുടുക്ക' തുറന്ന നിജിൽ അതിലെ കഥ താളത്തിൽ പറഞ്ഞുതുടങ്ങി.

'ടിങ്കു കരടി കാറിൽ പാഞ്ഞുപോയ' കഥകേട്ട് കുട്ടികൾ നിജിലിന് ചുറ്റുമിരുന്നു. നാടൻ പാട്ടുകളും കുട്ടിക്കളികളും ആസ്വദിച്ച കുരുന്നുകൾക്കു ക്യാംപ് വളരെപ്പെട്ടെന്ന് പരിചിതമായി.

### ■ ശുഭാരംഭം

മഞ്ചേരി● കിഡ്ഡൂസ് ക്യാംപ്, പെരിന്തൽമണ്ണ എംഇഎസ് മെഡിക്കൽ കോളജ് ആശുപത്രിയിലെ ശിശുരോഗചികിത്സ, നവജാതശിശു വിഭാഗങ്ങളുടെ മേധാവി ഡോ.കെ.കെ.പുരുഷോത്തമൻ ഉദ്ഘാടനം ചെയ്തു. മഞ്ചേരി നഗരസഭാ വൈസ് ചെയർപഴ്സൻ ബീന ജോസഫ് അധ്യക്ഷത വഹിച്ചു. ക്യാംപ് ഡയറക്ടർ ശിൽപ ജോണി, മലയാള മനോരമ മലപ്പുറം കോഓർഡിനേറ്റിങ് എഡിറ്റർ ആന്റണി ജോൺ, ഡോ.കെ.കെ.ജോഷി , ഡോ.കെ.എം.അബ്ദുൽ ജലീൽ, ഡോ.വി.പരമേശ്വരൻ, ആർ.രാഹുൽ എന്നിവർ പ്രസംഗിച്ചു.

മലയാള മനോരമയും പെരിന്തൽമണ്ണ എംഇഎസ് മെഡിക്കൽ കോളജും മഞ്ചേരി ക്രേഡിൽസ് ആൻഡ് ക്രയോൺസും ശിശുരോഗ വിദഗ്ധരുടെ സംഘടനയായ ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് (ഐഎപി) മലപ്പുറം ഘടകവും ചേർന്നാണ് ക്യാംപ് സംഘടിപ്പിക്കുന്നത്.




മലയാള മനോരമ, പെരിന്തൽമണ്ണ എംഇഎസ് മെഡിക്കൽ കോളജ്, ക്രേഡിൽസ് ആൻഡ് ക്രയോൺസ്, ഐഎപി എന്നിവർ ചേർന്ന് നടത്തുന്ന 'കിഡ്ഡൂസ് കലപിലക്കാലം' ക്യാംപ് എംഇഎസ് മെഡിക്കൽ കോളജ് ശിശുരോഗചികിത്സ-നവജാതശിശു വിഭാഗങ്ങളുടെ മേധാവി ഡോ.കെ.കെ.പുരുഷോത്തമൻ ഉദ്ഘാടനം ചെയ്യുന്നു. എംഇഎസ് മെഡിക്കൽ കോളജ് ഓപ്പറേഷൻസ് മാനേജർ ആർ.രാഹുൽ, ക്യാംപ് ഡയറക്ടർ ശിൽപ ജോണി, മഞ്ചേരി നഗരസഭാ ഉപാധ്യക്ഷ ബീന ജോസഫ്, ഡോ.കെ.കെ.ജോഷി, ഡോ.കെ.എം.അബ്ദുൽ ജലീൽ, ഡോ.വി.പരമേശ്വരൻ എന്നിവർ സമീപം. ചിത്രം: മനോരമ

### ഇന്ന്

- സൗജന്യ വൈദ്യപരിശോധന - നയിക്കുന്നത് എംഇഎസ് മെഡിക്കൽ കോളജിലെ ഡോ.റിഹാൻ, ഡോ.കോശി, ഡോ.വൈഷ്ണവി. 9.30
- രക്ഷിതാക്കൾക്കു ക്ലാസ് - ഡോ. അർഷാദ് ജമാൻ (സീനിയർ റസിഡന്റ് പീഡിയാട്രിക്സ് ആൻഡ് നിയോനേറ്റോളജി വിഭാഗം, എംഇഎസ് മെഡിക്കൽ കോളജ്). 2.00
- സമ്മാനം, സർട്ടിഫിക്കറ്റ് വിതരണം - ഡോ.ഹമീദ് ഫസൽ, ഡപ്യൂട്ടി മെഡിക്കൽ സൂപ്രണ്ട്, എംഇഎസ് മെഡിക്കൽ കോളജ്. 3.00



### കുട്ടിക്കലാകാരൻമാർ

കഥയ്ക്കും പാട്ടിനും ശേഷം ക്രേഡിൽസ് ആൻഡ് ക്രയോൺസ് സാരഥികൾ നേതൃത്വം നൽകിയ ബോട്ടിൽ ആർട്ട് വർക്ക്ഷോപ്പ്. അതുവരെ കലപില കൂട്ടമായിരുന്ന കുരുന്നുകൾ പെട്ടന്ന് കലാകാരക്കൂട്ടമായി! നീളമുള്ള ചില്ലുകുപ്പിയിൽ വര തുടങ്ങി. ചാലിച്ചു നൽകിയ നിറങ്ങൾ ഇരുന്നും കിടന്നും അവർ കുപ്പിയിലേക്കു വരച്ചു ചേർത്തു.

കുട്ടികൾക്ക് കൃത്യമായ മാർഗനിർദേശങ്ങളുമായി ക്രേഡിൽസ് ആൻഡ് ക്രയോൺസ് സംഘവും രക്ഷിതാക്കളും കൂടെനിന്നു. വര പൂർത്തിയാക്കിയ ചിലർ അത് ഉയർത്തിക്കാണിച്ചു. വർക്ഷോപ് അവസാനിച്ചപ്പോൾ സ്വന്തം പേര് കുപ്പിയിലെഴുതിക്കാനും കുട്ടികൾ തിരക്കുകൂട്ടി. ഉച്ചഭക്ഷണത്തിനു ശേഷം ക്ലേ മോഡലിങ് സെഷനും ഉണ്ടായിരുന്നു.

കൗതുകത്തോടെ കളിമണ്ണുമായി കളിച്ച കുരുന്നുകൾ ഡബിൾ ഹാപ്പി. മുഖത്ത് പല വർണത്തിൽ ചിത്രങ്ങൾ വരച്ചു ചേർക്കുന്ന ഫെയ്സ് പെയ്ന്റിങ്ങും കുരുന്നുകൾക്ക് ആനന്ദമായി.

ഇന്ന് അവസാനദിനത്തിലും 'കിഡ്ഡൂസ്' ക്യാംപ് കുട്ടികൾക്കായി കരുതിവച്ചിരിക്കുന്നത് കളിയും ചിരിയും നിറഞ്ഞ ഒരുപിടി കൗതുകങ്ങളാണ്.

> കുട്ടികളുടെ കളി കൂടുന്ന മാസങ്ങളാണ് മുന്നിലുള്ളത്. പ്രത്യേക ശ്രദ്ധവേണം. വിനോദയാത്രകളിൽ കുട്ടികൾക്കു നൽകുന്ന ഭക്ഷണം സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തണം. നിപ വ്യാപനം ഏറ്റവും കൂടുതൽ ഉണ്ടാകാനിടയുള്ളതാണ് ഏപ്രിൽ, മേയ് മാസങ്ങൾ. പഴങ്ങൾ കുട്ടികൾക്കു നൽകുമ്പോൾ ശ്രദ്ധിക്കണം. അവധിക്കാലത്ത് മൊബൈൽഫോൺ കുട്ടികൾക്ക് അമിതമായി നൽകരുത്. അവർ കളിചിരികളിലേക്ക് മടങ്ങട്ടെ.



**ഡോ.കെ.കെ.പുരുഷോത്തമൻ**
ശിശുരോഗചികിത്സ-നവജാത ശിശു വിഭാഗങ്ങളുടെ മേധാവി എംഇഎസ് മെഡിക്കൽ കോളജ്